(ബി) പ്രധാന കാരണങ്ങൾ താഴെപ്പറയുന്നു:

(1) കുരുമുളക്.—ആഗോളവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്ന കയറ്റിറക്കുമതി നയം, ഇൻഡ്യയും ശ്രീലങ്കയുമായുള്ള സ്വതന്ത്ര വ്യാപാര കരാറിന്റെ ഭാഗമായി ശ്രീലങ്കയിൽ നിന്നുള്ള കുരുമുളകിന്റെ വൻതോതിലുള്ള തീരുവരഹിതമായ ഇറക്കുമതി, മറ്റു രാജ്യങ്ങളിലെ കുരുമുളകും ഈ സൗജന്യം ദുരുപയോഗിച്ച് ശ്രീലങ്ക വഴി ഇന്ത്യയിലെത്തുന്നത് അന്താരാഷ്ട്ര വിപണിയിൽ കുരുമുളകിന്റെ ആവശ്യകതയിൽ വന്ന മാന്ദ്യം തുടങ്ങിയവ കുരുമുളകിന്റെ വിലയിടിവിന് പ്രേരകമായിട്ടുണ്ട്.

(2) കാപ്പി.—മുഖ്യ കാപ്പി ഉൽപ്പാദക രാജ്യങ്ങളിൽ കാപ്പിയുടെ ഉൽപ്പാദനം വർദ്ധിച്ചതും അന്താരാഷ്ട്ര തലത്തിലും നമ്മുടെ രാജ്യത്തും കാപ്പിയുടെ ഉപഭോഗം കുറഞ്ഞതുമാണ് കാപ്പിയുടെ വിലയിടിവിന് കാരണം.

(3) അടയ്ക്ക.—ഉൽപ്പാദനം വർദ്ധിച്ചതിന്റെ അനുപാതത്തിൽ ഉപഭോഗം വർദ്ധിക്കാത്തതാണ് അടയ്ക്കയുടെ വിലയിടിവിന് പ്രധാന കാരണമായത്. ഗുഡ്ക്ക പോലുള്ള അടയ്ക്ക ഉൽപ്പന്നങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന കാരണത്താൽ നിരോധിക്കപ്പെട്ടത് ഉപഭോഗം കുറയാൻ കാരണമായി.

(സി) ചില അവസരങ്ങളിൽ വില കുറയാറുണ്ട്.

(ഡി) കാർഷികോൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കേണ്ടത് കേന്ദ്ര കാർഷിക വിലനിർണ്ണയ കമ്മീഷന്റെ ശുപാർശപ്രകാരം കേന്ദ്ര സർക്കാരാണ്.

സംസ്ഥാനത്ത് എൻഡോസൾഫാന്റെ ഉപയോഗം

*8 [212] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എൻഡോസൾഫാൻ കീടനാശിനി പ്രയോഗിക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിലെ കശുമാവ് തോട്ടങ്ങളിൽ എൻഡോസൾഫാൻ കീടനാശിനിക്കു പകരം അതിനേക്കാൾ മാരകമായ റൗണ്ട് അപ് പോലുള്ള കീടനാശിനികൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ നിരോധിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) ഹൈക്കോടതി ഏർപ്പെടുത്തിയ നിരോധനം നിലവിലുണ്ട്.

(ബി) കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ കശുമാവ് തോട്ടങ്ങളിൽ ഇപ്പോൾ കീടനാശിനികളൊന്നും ഉപയോഗിക്കുന്നില്ല. കാസർഗോഡ് ജില്ലയിലെ പെരിയ ഡിവിഷനിൽ 5 കൊല്ലത്തേയ്ക്ക് കീടനാശിനികൾ തളിക്കേണ്ടതില്ലെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. (പെസ്റ്റിസൈഡ് ഹോളിഡേ).

(സി) ഉദിക്കുന്നില്ല.

ഓൺലൈൻ ലോട്ടറി കേസ്സിന്റെ നടത്തിപ്പ്

*9 [213] ശ്രീ. സാജു പോൾ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ലോട്ടറി കേസ്സിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളെക്കുറിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഓൺലൈൻ ലോട്ടറി നടത്തിപ്പുകാരിൽ നിന്നും എത്ര കോടി രൂപയാണ് നികുതി ഇനത്തിൽ പിരിച്ചെടുക്കാനുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിൽ എന്ത് തുക പിരിച്ചെടുത്തുവെന്ന് അറിയിക്കാമോ;

(ഡി) ഓൺലൈൻ ലോട്ടറി നടത്തിപ്പുകാരിൽ നിന്ന് നികുതി പിരിച്ചെടുക്കാൻ പാടില്ലെന്ന ഏതെങ്കിലും കോടതിവിധി നിലവിലുണ്ടോ;

(ഇ) അപ്രകാരം തടസ്സമില്ലെങ്കിൽ പ്രസ്തുത നികുതി പിരിച്ചെടുക്കുവാനുള്ള മറ്റ് തടസ്സങ്ങളെന്താണെന്ന് വിശദമാക്കാമോ;

(എഫ്) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ സാഹചര്യത്തിൽ ഈ നികുതി പിരിച്ചെടുക്കുന്നത് ഗൗരവമായി പരിഗണിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly